കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത് - **KL**-13**K** 2507-)ം നമ്പർ വാഹനം മാലിന്യം നീക്കം ചെയ്യുന്നതിന് ഉപയോഗിക്കുന്നതിനും പകരം ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗികാവശ്യത്തിന് പുതിയ വാഹനം വാങ്ങുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ(സാധാ)നം.1944/13/തസ്വഭവ തിരുവനന്തപുരം, തീയതി: 23.07.2013.

---

പരാമർശം:1) ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.05.2013-ലെ എ 3-2611/12 നമ്പർ കത്ത്.

2) കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24.05.2013-ലെ എ 1- 4301/13 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള **KL**-13**K**-2507-)ം നമ്പർ വാഹനം മാലിന്യം നീക്കം ചെയ്യുന്നതിന് ഉപയോഗിക്കുന്നതിനും ഔദ്യോഗികാവശ്യത്തിനായി പുതിയ വാഹനം വാങ്ങുന്നതിനുമുള്ള അനുമതിയ്ക്കായി ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. ഔദ്യോഗികാവശ്യത്തിന് നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ജീപ്പ് മാത്രമേയുള്ളൂവെന്നും മാലിന്യം നീക്കം ചെയ്യുന്നതിന് വേറെ വാഹനങ്ങൾ ഇല്ല എന്നും പുതിയ വാഹനം വാങ്ങുന്നതിന് 10 ലക്ഷം രൂപ ചെലവാകുമെന്നും ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീകണ്ഠപുരം ഗ്രാമ പഞ്ചായത്തിലെ **KL**-13**K**-2507-)ം നമ്പർ വാഹനം മാലിന്യം നീക്കം ചെയ്യുന്നതിന് ഉപയോഗിക്കുന്നതിനും ഔദ്യോഗിക ഉപയോഗത്തിനായി ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ചെലവഴിച്ച് ഒരു വാഹനം വാങ്ങുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (**LBA&A**) തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത്, കണ്ണൂർ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ